വിനോദ സഞ്ചാരത്തിനുള്ള ബോട്ട് സർവ്വീസുകൾ

259 [1212] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരികൾക്കായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് ബോട്ട് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിന് ആകെ എത്ര ബോട്ടുകളുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നു; എത്രയെണ്ണം പ്രവർത്തന യോഗ്യമല്ലാതെ കിടക്കുന്നു;

(ഡി) കേടായ ബോട്ടുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണമെന്താണ്;

(ഇ) ഇതിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) വിനോദസഞ്ചാരികൾക്കായി പുതുതായി ബോട്ട് സർവീസ് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്യാർ ഡാം, വേളി, കാപ്പിൽ, തെന്മല, അഷ്ടമുടി, ആലുംകടവ്, ആലപ്പുഴ, കോടിമത, തേക്കടി, മാട്ടുപ്പെട്ടി, എറണാകുളം, ചേറ്റുവ, പീച്ചി, തൃപ്രയാർ, മലമ്പുഴ, കോഴിക്കോട്, കണ്ണാട്ടുപറമ്പ്, വലിയപറമ്പ് മുതലായ സ്ഥലങ്ങളിലാണ്.

(ബി) – (ഇ) ടൂറിസം വകുപ്പിന് സ്വന്തമായി ബോട്ടുകളില്ല. കെ.ടി.ഡി.സി./ഡി.റ്റി.പി.സി. എന്നീ സ്ഥാപനങ്ങളുടെ ബോട്ടുകൾ ടി ഏജൻസികളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സർവ്വീസ് നടത്തി വരുന്നത്. ആകെയുള്ള ബോട്ടുകളുടെയും കേടായതും പ്രവർത്തിക്കാത്തതുമായ ബോട്ടുകളുടെയും എണ്ണം ശേഖരിച്ചു നൽകുന്നതാണ്. കേടായ ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനും ഇതിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകാവുന്നതാണ്.

(എഫ്) & (ജി) ടൂറിസം വികസനത്തിന് വേണ്ടി ടൂറിസം സാധ്യതയുള്ളതും ബോട്ടിംഗ് സൗകര്യമുള്ളതുമായ കഴിയുന്നത്ര പ്രദേശങ്ങളിൽ ബോട്ടിംഗ് സർവ്വീസ് ആരംഭിക്കാനാവശ്യമായ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

GPM. 2/567/2012—36

LIBRARY ARCHIVES Kerala Legislative Assembly